നം.വൈ2/23000/19/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 03.10.2019
ഫോൺ നം. 0471-2580506
ഇ-മെയിൽ- y2section@gmail.com

# സർക്കുലർ

വിഷയം:- പൊ.വി. - 22-ാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:-

22-ാമത് സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം **2019 ഒക്ടോബർ 18, 19, 20 തീയതികളിൽ ഒറ്റപ്പാലം എൻ.എസ്.എസ്. കെ. പി. റ്റി ഹയർസെക്കന്ററി സ്കൂളിൽ വച്ച്** നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പരിഷ്കരിച്ച സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവ മാന്വൽ പ്രകാരമാണ് ഈ വർഷം മുതൽ മത്സരങ്ങൾ നടത്തുന്നത്. ഓൺലൈൻ രജിസ്ട്രേഷൻ **10/10/2019** മുതൽ നടത്താവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷന് വിദ്യാഭ്യാസ ഉപഡയറക്ടർക്കുള്ള യൂസർ ഐ.ഡി-യും, പാസ്വേർഡും സംസ്ഥാനതലത്തിൽ നിന്നും നൽകുന്നതാണ്. Mentally Challenged വിഭാഗത്തിൽ മത്സരിക്കുന്ന മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ അതത് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന മാത്രമേ ഓൺലൈനായി ചെയ്യുവാൻ സാധിക്കുകയുള്ളു. മറ്റ് വിഭാഗം കുട്ടികളുടെ സ്കൂൾതല രജിസ്ട്രേഷൻ നടത്തുന്നതിനുള്ള യൂസർ ഐ.ഡി-യും, പാസ്വേർഡും അതത് വിദ്യാഭ്യാസ ഉപഡയറക്ടമാർ നൽകേണ്ടതാണ്. തൽസ്ഥല ഓൺലൈൻ രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.

ഓൺലൈൻ എൻട്രികൾ http://state.schoolkalolsavam.in/specialschoolkalolsavam2019/ എന്ന വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി **15/10/2019** ആണ്. ടി തീയതിക്ക് മുമ്പ് തന്നെ ഓൺലൈനായി രജിസ്റ്റട്രേഷൻ നടത്തിയിട്ടുണ്ടെന്ന് അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്. സംസ്ഥാനതല മേളയുടെ രജിസ്ട്രേഷൻ **17/10/2019** ന് വൈകുന്നേരം 4 മണി മുതൽ ഒറ്റപ്പാലം **എൻ.എസ്.എസ്. കെ. പി. റ്റി ഹയർസെക്കന്ററി സ്കൂളിൽ** ആരംഭിക്കുന്നതാണ്.

പ്രോഗ്രാം, രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങൾ, കുട്ടികളുടെ താമസ സൗകര്യം, ഒറ്റപ്പാലം/ഷൊർണ്ണൂർ റെയിൽവെ സ്റ്റേഷനിൽ നിന്നും ബസ് സ്റ്റാൻഡിൽ

നിന്നും ലഭ്യമാകുന്ന വാഹനസൗകര്യം എന്നിവയും അതത് കമ്മിറ്റി കൺവീനർമാർ മുഖേന ലഭ്യമാകുന്നതാണ്. ഇത് സംബന്ധിച്ചുള്ള അറിയിപ്പ് ബന്ധപ്പെട്ട എല്ലാ സ്കൂളുകൾക്കും അടിയന്തിരമായി നൽകേണ്ടതാണ്.

| ക്രമനം. | കമ്മിറ്റി | കൺവീനറുടെ പേര് | മൊബൈൽ നം. |
|---|---|---|---|
| 1 | പ്രോഗ്രാം | വി. സുകുമാരൻ | 9447534921 |
| 2 | ട്രാൻസ്പോർട്ട് | സൈനുൽ അബിദീൻ. എം.റ്റി | 9946284665 |
| 3 | രജിസ്ട്രേഷൻ/ അക്കോമഡേഷൻ | ഇന്ദുമതി അന്തർജനം. ഇ | 9249638627 |

സി. എ. സന്തോഷ്
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(അക്കാദമിക്)**

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ സ്കൂൾ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖേന)